بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 12/12/14

## (19 SAFAR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

**മൗറീഷ്യസ് പൊതു തെരഞ്ഞെടുപ്പ് ഫലം**

ഇന്നലെ - 2014 ഡിസംബർ 11-ാം തീയതി വ്യാഴാഴ്ച മൗറീഷ്യസ് പൊതു തെരഞ്ഞെടുപ്പ് ഫലങ്ങൾ രാത്രി വൈകുന്നതുവരെ, രാജ്യത്തെ പൊതു ജനങ്ങൾ, റേഡിയോയിലും ടെലിവിഷൻ ചാനലുകളിലുമൊക്കെ ശ്രദ്ധിക്കുകയുണ്ടായി. തെരഞ്ഞെടുപ്പ് ഫലങ്ങൾ അപ്രതീക്ഷിത രീതികളിൽ ആയിരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ, 1976 - 2010 കാലഘട്ടത്തിൽ, രാജ്യത്ത് 10 തെരഞ്ഞെടുപ്പുകൾ നടന്നു. 2014 - ലെ പൊതുതെരഞ്ഞെടുപ്പ് പോലെ, വോട്ടർമാരുടെ പങ്കാളിത്തം തെരഞ്ഞെടുപ്പ് പ്രക്രിയയിൽ, ഇത്തരം കുറഞ്ഞ അളവിൽ മാത്രം അടയാളപ്പെടുത്തപ്പെട്ട ഒരു സംഭവം മുമ്പുണ്ടായിട്ടില്ല. തെരഞ്ഞെടുപ്പ് പ്രചാരണ കാലത്ത് രണ്ട് രാഷ്ട്രീയ സഖ്യങ്ങൾ, പ്രാദേശിക, ദേശീയ തലത്തിലും ബൂത്ത് തലത്തിൽ പോലും, അനവധി യോഗങ്ങളും മറ്റും സംഘടിപ്പിച്ചിട്ടും ഇതാണ് സ്ഥിതി. പ്രധാന രാഷ്ട്രീയ സഖ്യങ്ങളായ PTR/MMM സഖ്യവും ജനകീയ സഖ്യവും (MSM/PMSD/ML) 73 ദശലക്ഷം രൂപ, വെറും രണ്ട് മാസത്തെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് വേണ്ടി ചെലവഴിച്ചുവെന്നും കണക്കുകൾ പറയുന്നു.

തെരഞ്ഞെടുപ്പ് പ്രചാരണകാലത്ത്, രാഷ്ട്രീയ സഖ്യങ്ങൾ പരസ്പര വിദ്വേഷത്തിന്റെയും സഭ്യതയ്ക്ക് നിരക്കാത്ത പദപ്രയോഗങ്ങളിലൂടെയും രാഷ്ട്രീയ അന്തരീക്ഷം മലിനമാക്കി. പല സ്ഥലങ്ങളിലും സ്ഥാനാർത്ഥികളുടെ രാഷ്ട്രീയ ഏജന്റുമാരായി പ്രവർത്തിക്കുന്നവർ അഴിമതിക്കാരായി മാറി. മദ്യം, ആഹാരം, വാഹന സഞ്ചാരത്തിന് ഇന്ധന അലവൻസ്, - എല്ലാം വളരെ **'ഫ്രീ'** ആയി ലഭിക്കുന്ന തെരഞ്ഞെടുപ്പ് കാലത്ത്, ഏജന്റുമാർ കാശ് വിതറി, ആഢംബര ജീവിതം ആഭാസകരമാക്കുന്ന കാഴ്ച കാണാനുണ്ടായിരുന്നു.

പൊതു തെരഞ്ഞെടുപ്പിന്റെ തീയതി നിശ്ചയിക്കപ്പെടുന്നതിന് മുമ്പ് ഞാൻ കാണുകയുണ്ടായ ഒരു സ്വപ്നത്തിലേക്ക് മടങ്ങി വരാം. ഞാൻ കണ്ട സ്വപ്നത്തിൽ, സർ അനിരുദ്ധ് ജഗനാഥ്-നെ ഒരു നല്ല കോട്ട് ധരിച്ച്, **'സ്റ്റൈലിൽ'** , എന്നോടൊപ്പം കാറിൽ ഇരിക്കുന്നതായും ഞാൻ അദ്ദേഹത്തോട് പല ചോദ്യങ്ങളും ചോദിക്കുന്നതായും കണ്ടു. പോൾ റെയ്മണ്ട് ബെറഞ്ചറെക്കുറിച്ചും ഞാൻ അദ്ദേഹത്തോട് ചോദിച്ചു. ബെറഞ്ചർ ഒരു രാജ്യ ദ്രോഹിയല്ലെന്നും, ലേബർ പാർട്ടിയോട് സഖ്യത്തിൽ ഏർപ്പെടുന്നതിലൂടെ അദ്ദേഹം ഒരു രാഷ്ട്രീയ തന്ത്രം പ്രയോഗിക്കുകയാണ് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. ആ സ്വപ്നത്തിൽ ഞാൻ അദ്ദേഹത്തോട് പറഞ്ഞ മറുപടി ഞാൻ മുമ്പ് വെളിപ്പെടുത്താതെ വിട്ടു കളഞ്ഞിരുന്നു. : **'നവീൻ രാംഗുലാമിനെ പ്രധാനമന്ത്രി സ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ജനദ്രോഹികളായി പ്രവർത്തിക്കുന്ന അയാളുടെ സഹപ്രവർത്തകരെ ഒതുക്കുകയും ചെയ്യുന്നതാണ് ഈ തന്ത്രം ! '**

2014 ഡിസംബർ 7-ാം തീയതി, എനിക്ക് ദൃശ്യമാക്കപ്പെട്ട ഒരു ദർശനം ഇനി ഞാൻ വിവരിക്കട്ടെ. ഡിസംബർ 10-ാം തീയതിയിലെ പൊതു തെരഞ്ഞെടുപ്പ് മുൻ നിർത്തി, രണ്ട് പ്രധാന രാഷ്ട്രീയ സഖ്യങ്ങളും അവരുടെ വമ്പൻ യോഗങ്ങൾ സംഘടിപ്പിച്ചതും അന്നു തന്നെയാണ്.

അസ്ർ നമസ്ക്കാരത്തിനു ശേഷം, ഞാനെന്റെ ഓഫീസിൽ ഡ്രൈവിംഗ് ലൈസൻസ് തിരയുകയായിരുന്നു. പെട്ടെന്ന് എനിക്ക് ക്ഷീണം അനുഭവപ്പെട്ടു. കുറച്ച് നേരം ഒരിടത്തിരുന്നു. അപ്പോൾ ഈ ദർശനം അനുഭവവേദ്യമായി. 15 - 20 മിനുട്ടുകൾ നീണ്ട ഒരു ദർശനമായിരുന്നു അത്. ലേബർ പാർട്ടിയുടെ പല നേതാക്കളും അടിപറ്റുന്നതായി കാണപ്പെട്ടു. ആ ദർശനം അവസാനിച്ചപ്പോൾ, എനിക്ക് ഒരു കാര്യം മനസ്സിലായി. കുറേ കാല

മായി ഞാൻ നടത്തി വന്ന ചില പ്രാർത്ഥനകളുടെ ഉത്തരം എന്ന നിലയിൽ, ജനദ്രോഹ പ്രവർത്തനങ്ങളിൽ മുഴുകിയ ഈ സർക്കാരിന് എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ആ നിമിഷത്തിൽ എനിക്ക് മനസ്സിലായി. ആ സന്ദർഭത്തിൽ തന്നെ ഒരു ചിന്ത എന്റെ മനസ്സിലൂടെ കടന്നു പോയി - MMM പാർട്ടിയും ഈ ദുർഗ്ഗതി പങ്കിടേണ്ടി വരും.- ഒരാൾ മാലിന്യത്തിലൂടെ നടന്നാൽ, അയാൾക്ക് ദുർഗ്ഗന്ധത്തിൽ നിന്ന് രക്ഷപെടാനാകില്ല. അത് അങ്ങനെ തന്നെയാണ് സംഭവിച്ചത്.

പോൾ ബെറഞ്ചെർ, സർ അനിരുദ്ധ് ജഗനാഥുമായി ചർച്ചകൾ നടത്തിയപ്പോൾ , ഈ രാജ്യത്തെ നാശത്തിൽ നിന്നു രക്ഷിക്കാൻ പോന്ന ഒരു സഖ്യത്തിന്റെ രൂപ വൽക്കരണത്തിന് സാദ്ധ്യതയുണ്ടായിരുന്നു. എന്നാൽ, പിന്നീട് രാംഗുലാം നടത്തിയ ചില വാഗ്ദാനങ്ങളിൽ ഭ്രമിച്ച് വഴിതിരിഞ്ഞു. വലിയ രാഷ്ട്രീയ കക്ഷികൾ എന്ന നിലയിൽ രണ്ട് പാർട്ടികളും സഖ്യമുണ്ടാക്കിയപ്പോൾ, ചെറുപാർട്ടികളുടെ സഖ്യമെന്ന നിലയിൽ പീപ്പിൾസ് അലൈൻസിനെ വോട്ടർ പിന്തുണ ഇല്ലാത്തവരായി അവർ അവഗണിച്ചു കളഞ്ഞു. ഒരു ചെറു സംഘത്തെ ഒരിക്കലും അവഗണിക്കരുത്. സ്വന്തം മഹത്വത്തെ പാടി പുകഴ്ത്തി, അഹന്ത കാട്ടരുത്. ചെറു സംഘങ്ങൾക്ക് വലിയ സംഘങ്ങളെ വീഴ്ത്താൻ കഴിയുമെന്ന് വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറയുന്നു.

പൊതു തെരഞ്ഞെടുപ്പിലെ ഫലം ഇങ്ങനെയാണ്. ജനകീയ സഖ്യത്തിന് 60-ൽ 47 സീറ്റ് ലഭിക്കുകയുണ്ടായി. MMM/PTR സഖ്യത്തിന് 13 സീറ്റ് മാത്രമേ ലഭിച്ചിട്ടുള്ളൂ. 60-0 എന്ന നിലയിൽ, തെരഞ്ഞെടുപ്പ് ഫലങ്ങൾ വരുമെന്ന പ്രവചനങ്ങളൊക്കെ പാഴായി.

അധികാരത്തിലേറുന്ന രാഷ്ട്രീയ സഖ്യം തെരഞ്ഞെടുപ്പിന് മുമ്പ് ജനങ്ങളോട് ഒരുപാട് വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. അവർ ആ വാഗ്ദാനങ്ങൾ നിറവേറ്റുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. വോട്ടു പിടിക്കാൻ നടത്തിയ പൊള്ള വാഗ്ദാനങ്ങൾ ആകാതിരിക്കട്ടെ !

ജനകീയ സഖ്യത്തിന്റെ നേതാവ് സർ, അനിരുദ്ധ് ജഗനാഥ്, വാക്കു പാലിക്കുന്ന മഹദ് വ്യക്തിയാണ്. ഈ 85-ാം വയസ്സിൽ, തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് മടങ്ങാൻ അദ്ദേഹം കാട്ടിയ ധീരത, അഭിനന്ദനം അർഹിക്കുന്നു. 1963 മുതൽ അദ്ദേഹം രാഷ്ട്രീയത്തിലുണ്ട്. രാജ്യത്തിന്റെ പ്രധാനമന്ത്രിയായും, പ്രസിഡന്റായും അദ്ദേഹം പലതവണ സേവനം അനുഷ്ഠിക്കുകയുണ്ടായി. പോൾ ബെറൻജറുടെ ഉപദേശപ്രകാരമാണ് അദ്ദേഹം പ്രസിഡന്റ് സ്ഥാനം ഉപേക്ഷിച്ചു പോയത്. എന്നിട്ടും ഈ മുതിർന്ന പ്രായത്തിൽ അദ്ദേഹം രാജ്യത്തിന്റെ പ്രധാനമന്ത്രിയാകുന്നു. ഇങ്ങനെയൊരു സാഹചര്യം രാജ്യത്ത് മുമ്പ് ഉണ്ടായിട്ടില്ല.

മുൻ പ്രധാനമന്ത്രി നവീൻ രാംഗുലാം തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. സ്വന്തം മണ്ഡലത്തിൽ, അദ്ദേഹം നാലാം സ്ഥാനക്കാരനായി. അദ്ദേഹത്തിന്റെ അഹങ്കാരികളായ സ്ഥാനാർത്ഥികളും, തെരഞ്ഞെടുക്കപ്പെട്ടില്ല. ലേബർ പാർട്ടി സ്ഥാനാർത്ഥികളിൽ നാല് പേർ മാത്രം ജയിച്ചു. MMM നേതാവ് പോൾ ബെറഞ്ചെർ തെരഞ്ഞെടുക്കപ്പെട്ടു, ചെറിയ ഭൂരിപക്ഷത്തിന്.

അതുകൊണ്ട്, അവർക്കെല്ലാം എന്താണ് സംഭവിച്ചത് എന്ന് നോക്കുക. രണ്ട് ഇമെയിലും, ഒരു കത്തും ഞാൻ പോൾ ബെറഞ്ചെർക്ക് എഴുതുകയുണ്ടായി. എന്നിട്ടും, അവയിലെ ഉപദേശങ്ങളോട് അദ്ദേഹം അനുകൂലമായി പ്രവർത്തിച്ചില്ല. എന്നിട്ട്, അവസാന നിമിഷം, എന്റെ ഉപദേശങ്ങൾ നിരാകരിക്കേണ്ടി വന്നതിൽ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. പക്ഷേ, അപ്പോഴേക്കും സമയം താമസിച്ചു പോയി ! അദ്ദേഹം തെരഞ്ഞെടുക്കപ്പെടാനുള്ള സാദ്ധ്യത കൂടി മങ്ങിയ നിലയിലായിരുന്നു. അദ്ദേഹത്തിന്റെ അന്തസ്സ് സംരക്ഷിക്കപ്പെടുന്നതിനും അദ്ദേഹം തെരഞ്ഞെടുക്കപ്പെടുന്നതിനും വേണ്ടി എന്തു മാത്രം പ്രാർത്ഥനകൾ, രാത്രിയിൽ ഉണർന്ന് ഞാൻ നടത്തിയിരുന്നതിനൊക്കെ എന്റെ കുടുംബം സാക്ഷിയാണ്. അല്ലാഹുവിന് സ്തുതി, അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു ! അദ്ദേഹത്തിന്റെ സഹ പ്രവർത്തകരായ സ്ഥാനാർത്ഥികൾക്ക് വിജയിക്കാൻ കഴിഞ്ഞില്ലെങ്കിലും ! നമ്മുടെ പ്രാർത്ഥനകളുടെ ഫലമായി, ദൈവം അദ്ദേഹത്തെ രക്ഷപ്പെടുത്തി.

## **ശരീഅത്തും ഇസ്ലാമിക ലോക ക്രമവും,**

ഇസ്ലാമിക പാഠങ്ങൾ അനുസരിച്ച്, ദൈവം സർവ്വ ലോകങ്ങളുടെയും അധിപതിയാണ്. അതുകൊണ്ട് തന്നെ ഇസ്ലാം വിഭാവന ചെയ്യുന്നത് ഒരു ലോക ക്രമമാണ്. ഇസ്ലാമിക രാഷ്ട്രത്തിന്റെ സങ്കൽപ്പം തന്നെ

ആഗോളമാനങ്ങൾ ഉള്ളതാണ്. വിശുദ്ധ ഖുർ ആൻ പറയുന്നു **" ആജ്ഞാധികാരം അല്ലാഹുവിന് മാത്രമുള്ളതാണ്."** (12:41)

**"ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനുള്ളതാണ്."** (57:6)

**"ആരുടെ കയ്യിലാണോ പരമാധികാരം സ്ഥിതി ചെയ്യുന്നത് അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായി കഴിവുള്ളവനാണ്. "**(67:2)

ധാർമ്മിക ജീവിതം സാദ്ധ്യമാക്കുകയാണ് ഇസ്ലാമിക ക്രമം ലക്ഷ്യമാക്കുന്നത്. ഖുർആൻ ആവർത്തിച്ചു പറയുന്നു, **"വിശ്വസിക്കുകയും സദ്വൃത്തികൾ നടപ്പിലാക്കുകയും ചെയ്യുക. ഈ ലക്ഷ്യം സാക്ഷാത്കരിയ്ക്കാനായി, അല്ലാഹു (ത) പറയുന്നു.**

**" നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങളെ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിലുണ്ടാവേണ്ടതാണ്. "** (3: 105)

ദൈവീക നിയമങ്ങൾ അനുസരിച്ച് നയിക്കപ്പെടുന്ന ഒരു ജീവിതമാണ് ധാർമ്മികജീവിതം. ശരിയായ പ്രവൃത്തികൾ ചെയ്യേണ്ടത് എങ്ങനെയെന്ന് ഖുർ ആൻ വിശദീകരിക്കുന്നു. അത് അനുസരിച്ച് പ്രവർത്തിക്കാൻ നമ്മൾ തയ്യാറായാൽ, ദൈവീക തീരുമാനങ്ങൾ ഭൂമയിൽ നടപ്പിൽ വരുത്താൻ നമുക്ക് കഴിയും. മനുഷ്യരാശിയെ മഹോന്നത ഭാവിയിലേക്ക് നയിക്കാനും കഴിയും. സമൂഹത്തിലെ തിന്മകൾ വിപാടനം ചെയ്ത്, നന്മയെ നില നിർത്തുമ്പോഴാണ് ധാർമ്മിക ജീവിതം സാദ്ധ്യമാകുന്നത്. ആത്യന്തിക മനുഷ്യ നന്മ ഏതു കാര്യങ്ങളിലാണ് കുടി കൊള്ളുന്നത് എന്നറിയാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് തന്നെ, ദൈവീക നിയമങ്ങൾ പാലിക്കുന്നതിലാണ് നന്മയുള്ളത്.

ഖുർ ആനും സുന്നത്തും ഏതെങ്കിലും തരത്തിലുള്ള സർക്കാർ സംവിധാനത്തെ പ്രത്യേകമായി എടുത്തു പറയുന്നില്ല. ഭരണക്രമം രൂപപ്പെടുത്തുന്നതിൽ ഓരോ ജനതയ്ക്കും കാലത്തിനും ദേശത്തിനും അനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാം. ഇസ്ലാമിക നിയമമനുസരിച്ച് പ്രവർത്തിക്കാൻ രാഷ്ട്രത്തിന്റെ ഭരണാധികാരിയ്ക്ക് ബാദ്ധ്യതയുള്ളതിനാൽ, സ്വേച്ഛാധിപത്യ ഭരണം ഇസ്ലാമിക രാഷ്ട്ര സങ്കൽപത്തിനെതിരാണ്.

ഇസ്ലാമിക ലോക ക്രമത്തിൽ ഭരണം നടത്തുന്ന സർക്കാരിനെ നയിക്കാൻ ഒന്നിലേറെ ഖലീഫമാർ ഉണ്ടാകാമോ ? ചിലരുടെ അഭിപ്രായത്തിൽ ഒരു സമയത്ത് ഒരു ആഗോള നേതാവ് മാത്രമേ ആവശ്യമുള്ളൂ. ഖലീഫ എന്ന വാക്ക് ഇമാം -നെ സൂചിപ്പിക്കുന്നു.; അഥവാ ഇസ്ലാമിക രാഷ്ട്രത്തിന്റെ തലവൻ എന്നർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നു.

വാസ്തവത്തിൽ, ഇസ്ലാം വലിയ പ്രാധാന്യം കൊടുക്കാത്ത വിഷയമാണ് ഭരണത്തിന്റെ പുറംമോടികൾ. ഇസ്ലാമിക നിയമത്തിന്റെ പരിധികൾ പാലിക്കപ്പെടുകയും തീരുമാനങ്ങൾ ഉപദേശക സമിതികളിൽ, കൂടിയാലോചനകളിലൂടെ എടുക്കപ്പെടുകയും ചെയ്യുമ്പോൾ, അത് ഖുർ ആൻ പറയുന്ന തത്വപ്രകാരമാകും. **" തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിയ്ക്കും."** (42:39)

കൂടിയാലോചനയാണ് ഉപദേശക സമിതിയുടെ പ്രധാന ജോലി. സ്വന്തം സ്വകാര്യ ജീവിതത്തിലും പൊതുജീവിതത്തിലും ഈ തത്വം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉപയോഗപ്പെടുത്തിയത് നബി തിരുമേനി (സ) യായിരുന്നു. സച്ചരിതരായ ഖലീഫമാരും ആ വഴിയിൽ തന്നെയാണ് സഞ്ചരിച്ചത്. കൂടിയാലോചനയ്ക്കും ഉപദേശക സമിതിക്കും സ്വീകരിക്കേണ്ട മാർഗ്ഗദർശനങ്ങളെ സംബന്ധിച്ച് ഖുർ ആനിലും തിരുസുന്നത്തിലും ഖണ്ഢിത കല്പനകളൊന്നുമില്ല സമുദായ അംഗങ്ങളുടെ മേൽ നിർബന്ധിതമായ കൽപനകൾ നടപ്പിലാക്കാൻ ഉപദേശക സമിതികൾ രൂപ വൽക്കരിക്കുമ്പോൾ അതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുകയോ നിയമിക്കുകയോ ചെയ്യാവുന്നതാണ്. നടപടി ക്രമങ്ങൾ, തെരഞ്ഞെടുപ്പ് രീതികൾ, പ്രാതിനിധ്യകാലഘട്ടം എന്നിവയെല്ലാം സന്ദർഭം, സാഹചര്യം, സ്ഥലം തുടങ്ങിയ ഘടകങ്ങൾ അനുസരിച്ച് വ്യത്യാസപ്പെടാം.

രാഷ്ട്ര ഭരണം പൊതുവിൽ മൂന്ന് വിഭാഗങ്ങളായി തിരിക്കപ്പെട്ടിരിക്കുന്നു - നിയമനിർമ്മാണം, നിയമ നിർവ്വഹണം, നീതിന്യായ വിഭാഗം. നിയമ രൂപീകരണം, ഭരണ നിർവ്വഹണം, നീതിയുക്തമായ ഭരണം ഉറപ്പാക്കുക

യാണ് ഈ വ്യത്യസ്ത വിഭാഗങ്ങൾ ചെയ്യുന്നത്.

ഇസ്‌ലാമിക നിയമനിർമ്മാണം, ആധുനിക കാലത്തെ നിയമനിർമ്മാണ സഭകളിൽ നടക്കുന്നതു പോലെയല്ല. കാരണം, ഖുർ ആനിലും തിരുസുന്നത്തിലും നിയമത്തിന്റെ മൂല തത്വങ്ങൾ ഉണ്ട്. ആ നിയമങ്ങൾ നടപ്പിലാക്കുകയാണ് വേണ്ടത്. നിയമ വ്യാഖ്യാനം അഥവാ ഇജ്തിഹാദ് പലപ്പോഴും വേണ്ടി വരും. പക്ഷേ, അത്തരം വ്യാഖ്യാനങ്ങൾ വൈയക്തിക അഭിപ്രായങ്ങൾക്കും യുക്തി ചിന്തകൾക്കും അപ്പുറം ഇസ്‌ലാമിക തത്വങ്ങളുടെ നിർദ്ധാരണത്തിൽ നിന്ന് ഉതിർന്നു വരുന്നതായിരിക്കണം.

മതപരമായ ചടങ്ങുകളും പ്രാർത്ഥനാ രീതികളും പുതിയ നിയമനിർമ്മാണങ്ങൾക്ക് വിഷയീഭവിക്കുകയില്ല. കാരണം, അത്തരം കാര്യങ്ങളിൽ യുക്തിപരതയുടെ പുതിയ ആവശ്യങ്ങളില്ല. സാമൂഹിക വിഷയങ്ങളിൽ നിയമനിർമ്മാണം സാദ്ധ്യമാണ്. അനുവദനീയമായ കാര്യങ്ങളിലും, ഇസ്‌ലാമിക നിയമം വിശദാംശങ്ങൾ രേഖപ്പെടുത്താതെ വിട്ട കാര്യങ്ങളിലും, വരുത്തുന്ന പരിഷ്ക്കാരങ്ങളെ ദൈവീക കല്പനകളുടെ ലംഘനമായി കരുതാനാവില്ല. ഇത്തരം കാര്യങ്ങളെ നിയമനിർമ്മാണമായി കണക്കാക്കേണ്ടതില്ല. അല്ലാഹു (ത) യാണ് യഥാർത്ഥ നിയമദാതാവ്. ഖുർ ആൻ പറയുന്നു ; **“ ഈ ഗ്രന്ഥത്തെ, എല്ലാ കാര്യങ്ങളും വിശദീകരിക്കുന്നതായി നാം നിനക്ക് അവതരിപ്പിച്ചിരിക്കുന്നു.” (16:90)**

അതു കൊണ്ട്, നിയമ നിർമ്മാണത്തിന് സാദ്ധ്യതകളില്ല. എന്നാൽ, ഭരണ നിർവ്വഹണത്തിനായി, നിർദ്ദേശക തത്വങ്ങളും നടപടി ക്രമങ്ങളും പുതുതായി രൂപം കൊടുക്കാവുന്നതാണ്.

നിയമ നിർമ്മാണത്തിനുള്ള സ്വാതന്ത്ര്യം ഇസ്‌ലാം അനുവദനീയമാക്കുന്നില്ല. മനുഷ്യരുടെ പ്രവർത്തികൾക്കും സാമൂഹിക ക്രമങ്ങൾക്കും മേലുള്ള നൈതിക നിയന്ത്രണം ഇസ്‌ലാം കൈവിടുന്നില്ല. ദൈവീക നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ഭരണ നിർവ്വഹണ വിഭാഗത്തിന് വിശദീകരണങ്ങൾ ആവശ്യമില്ല. ശിക്ഷാ വിധികൾ വ്യക്തവും, ദൈവീക നിയമങ്ങൾ സമ്പൂർണ്ണവുമാണ്. എന്തെങ്കിലും ബുദ്ധിമുട്ടുകൾ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ഉണ്ടാവുകയാണെങ്കിൽ ആവശ്യകതയുടെ നടപടി ചട്ടം ഉപയോഗപ്പെടുത്താവുന്നതാണ്.

നീതിന്യായ വിഭാഗം ഇസ്‌ലാമിക വീക്ഷണത്തിൽ, ഭരണനിർവ്വഹണ വിഭാഗത്തിൽ നിന്ന്, തികച്ചും സ്വതന്ത്രമായി പ്രവർത്തിക്കേണ്ടതാണ്. പക്ഷേ, നീതിവ്യവസ്ഥ ഖുർആനും തിരുസുന്നത്തിനും അനുപൂരകമായി വിധി കല്പിക്കേണ്ടതാണ്. ഖുർ ആന്റെ ഭാഷയിൽ, **“അല്ലാഹു ഇറക്കിയതുകൊണ്ട് ആര് വിധി കൽപ്പിക്കുന്നില്ലയോ അവർ തന്നെയാണ് അവിശ്വാസികൾ” (5:45); അക്രമികൾ (5:46); ആജ്ഞാലംഘകർ (5:48)**

ഇസ്‌ലാമിക രാഷ്ട്രത്തിലെ പൗരമാരെല്ലാം നിയമത്തിനുമുമ്പിൽ തുല്യരാണ്, രാഷ്ട്രതലവൻ ഉൾപ്പടെ. ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലീം പൗരന്മാർക്കും നിയമത്തിനുമുന്നിൽ തുല്യ പരിരക്ഷയ്ക്ക് അർഹതയുണ്ട്. അതുകൂടാതെ, അമുസ്‌ലീം പൗരന്മാർക്ക്, നീത്യനായ ഭരണകാര്യങ്ങളിൽ പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ഓരോ സമുദായത്തിനും അവരുടെ തന്നെ കോടതികളും ന്യായാധിപന്മാരും ഉണ്ടാകണം. അവരുടെ സിവിലും ക്രിമിനലും ആയ നിയമാവലി നടപ്പിലാക്കപ്പെടണം.

അല്ലാഹുവിന്റെ നിയമങ്ങളും തിരുനബി പഠിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ച്, ജീവിതം നയിച്ച് ദിവ്യ സംതൃപ്തി നേടുന്ന തരത്തിൽ മുസ്‌ലീംകളും മാനവകുലത്തിലെ മറ്റു വിഭാഗങ്ങൾക്കും കഴിവുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആമീൻ.


**Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 9495207982 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*

**Translated by**

**Fazil Jamal**


*****************